# അന്താരാഷ്ട്ര വനിതാദിനം

## -മാർച്ച് 8

### സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്ന ഈ സന്ദർഭത്തിലാണ് അന്താരാഷ്ട്ര വനിതാദിനം ആചരിക്കുന്നത്

International
Women's Day

മാർച്ച് എട്ടിനാണ് എല്ലാ വർഷവും വനിതാ ദിനം ആചരിക്കുന്നത്. എന്താണ് മാർച്ച് 8-ന്റെ പ്രത്യേകത? പറയാം. 1857 മാർച്ച് എട്ടിന് ന്യൂയോർക്കിൽ ഒരു പ്രക്ഷോഭം നടന്നു. നിസ്സാര ശമ്പളത്തിനു ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് സ്ത്രീകൾ അണിനിരന്ന ആ സമരം അവരുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടിയായിരുന്നു. പിന്നീട് അന്താരാഷ്ട്ര വനിതാ ദിനമെന്ന ആശയം നിലവിൽ വന്നപ്പോൾ പ്രക്ഷോഭം സംഘടിപ്പിക്കപ്പെട്ട മാർച്ച്-8 അതിനായി തെരഞ്ഞെടുത്തു.

1909 ഫെബ്രുവരിയിൽ അമേരിക്കയിലാണ് ആദ്യമായി വനിതാദിനം അരങ്ങേറിയത്. പിന്നീട് തൊട്ടടുത്ത വർഷം ജർമ്മനിയിലെ സോഷ്യലിസ്റ്റ് ഡെമോക്രാറ്റിക്





പാർട്ടിയുടെ വനിതാ അദ്ധ്യക്ഷ കാര ഡെസ്കിൽ മുൻകൈ എടുത്ത് ആ രാജ്യത്തും വനിതാദിനം ആചരിച്ചു. പിന്നീട് ഇത് അവിടെ മാത്രം ഒതുങ്ങി നിൽക്കാതെ അന്താരാഷ്ട്ര തലത്തിൽ തന്നെ ആഘോഷിച്ചു തുടങ്ങി.

വനിതാദിനം ലോകമെമ്പാടും കൊണ്ടാടപ്പെടുന്നു എന്ന് കൂട്ടുകാർ ഇപ്പോൾ മനസിലാക്കിയിരിക്കുമല്ലോ. അതുകൊണ്ടാണ് അതിനെ അന്താരാഷ്ട്ര വനിതാദിനം എന്ന് പറയുന്നത്. നീതിക്കുവേണ്ടി വനിതകൾക്കും സംഘം ചേരാൻ സ്വാതന്ത്ര്യമുണ്ടെന്ന് ഓരോ വർഷവും ഈ ദിനം വിളിച്ചു പറയുന്നു.

ഓരോ വർഷവും വനിതാ ദിനത്തിന് വ്യത്യസ്തങ്ങളായ മുദ്രാവാക്യങ്ങളാണ് ഉണ്ടാകാറ്.

ശാസ്ത്ര- സാങ്കേതിക- വിദ്യാഭ്യാസ- പരിശീലന രംഗത്ത് സ്ത്രീകൾക്കും തുല്യത എന്നതായിരുന്നു 2011 ലെ മുദ്രാവാക്യമെങ്കിൽ ഗ്രാമീണ വനിതകളെ ശാക്തീകരിക്കുക, ദാരിദ്ര്യവും പട്ടിണിയും ഇല്ലാക്കുക എന്നതായിരുന്നു 2012-ലെ വനിതാദിന മുദ്രാവാക്യം. ഈ വർഷത്തെ വനിതാ ദിനത്തിൽ പങ്കുവെക്കുന്നത് സ്ത്രീകളുടെ സാമൂഹ്യ പദവിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്.

പത്രം വായിക്കുന്ന കൂട്ടുകാർ ഒരുപക്ഷേ ശ്രദ്ധിച്ചിട്ടുണ്ടാകും സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ. അമ്മയും അനിയത്തിയായുമൊക്കെ നമ്മുടെ ജീവിതത്തിൽ നമുക്ക് ഒപ്പമുള്ള 'സ്ത്രീ' അപമാനിക്കപെടുന്നതിനെതിരെ നാം ശബ്ദമുയർത്തണം. സ്ത്രീക്ക് കിട്ടേണ്ട സാമൂഹ്യ പദവിയെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നു വരേണ്ടിയിരിക്കുന്നു.

റഷ്യ പോലെയുള്ള പലരാജ്യങ്ങളും ഈ ദിനം പൊതു അവധിയാണ്. വനിതാദിനാചരണം ഇപ്പോൾ ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ശൈശവ വിവാഹ നിരോധനം, ആരോഗ്യ രംഗത്തെ വളർച്ചകൾ തുടങ്ങി നിരവധി രീതിയിലുള്ള പുരോഗതികൾ ഈ കാലഘട്ടത്തിനുള്ളിൽ സ്ത്രീകൾ നേടിയെടുത്തിട്ടുണ്ട്.

-പി